LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

2004 ജൂലൈ 26, തിങ്കൾ

വാല്യം CXXI] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 21

നിയമസഭ 2004 ജൂലൈ മാസം 26-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30 -ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....ചോദ്യംനമ്പർ *484

പറമ്പിക്കുളം ഡാമിൽ നിന്ന് വെള്ളം തിരിച്ചുവിടുന്ന നടപടി

*1 [484] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, ജോർജ് ജെ. മാത്യു:
,, തമ്പാനൂർ രവി:
,, സി. പി. മുഹമ്മദ്:
,, എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം ഡാമും തുണക്കടവിലേക്കുള്ള ടണലും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(ബി) ഈ ടണലിൽ ഷട്ടർ സ്ഥാപിക്കാൻ തമിഴ്നാടിനെ കരാർപ്രകാരം അനുവദിച്ചിട്ടുണ്ടോ ;

(സി) ഇവിടെ ഷട്ടർ സ്ഥാപിച്ച് തമിഴ്നാട് വെള്ളം തിരിച്ചുവിടുന്നുണ്ടോ;

(ഡി) ഇത് എത്ര കാലമായി തുടരുന്നു എന്നും ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ;

(ഇ) ഇതിനെതിരെ കേസ് എടുക്കുന്നത് കേരളത്തിന്റെ താല്പര്യങ്ങൾക്ക് ഹാനികരമാകുമോ എന്ന് അറിയിക്കാമോ?

മുഖ്യമന്ത്രിക്കുവേണ്ടി ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ,

(എ) ഉണ്ട്. തുണക്കടവിലേക്കുള്ള ടണൽ പറമ്പിക്കുളം ഡാമിൽ നിന്നാണ് ആരംഭിക്കുന്നത്.

(ബി) ഉണ്ട്.

(സി) ടണലിൽ വെള്ളത്തിന്റെ ഒഴുക്ക് ക്രമീകരിക്കുന്നതിനുവേണ്ടി ഷട്ടർ സ്ഥാപിച്ചിട്ടുണ്ട്. പക്ഷേ വേറൊരിടത്തേക്കും വെള്ളം തിരിച്ചുവിടുന്നില്ല. തുണക്കടവ് റിസർവോയറിലേക്ക് മാത്രമേ വെള്ളം ഒഴുക്കുന്നുള്ളൂ.

(ഡി & ഇ) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. യു. രാധാകൃഷ്ണൻ: സർ, പറമ്പിക്കുളം ആളിയാർ കരാറിന്റെ ഭാഗമായിട്ടാണോ ഈ ടണൽ രൂപപ്പെട്ടത്; എങ്കിൽ ഈ കരാർ ആരുടെ കാലഘട്ടത്തിലാണ് ഉണ്ടാക്കിയത്?

ശ്രീ. എം. എം. ഹസ്സൻ: ഈ കരാറിൽ ടണലിന് വ്യവസ്ഥയുണ്ട്. 1958 നവംബറിലാണ് ഈ കരാറിന് രൂപം നൽകിയത്. കരാർ നിലവിൽ വന്നത്, 1970 മേയ് 29-നാണ്. 1959 നവംബർ 9 മുതൽ മുൻകാലപ്രാബല്യം നൽകിയിട്ടുണ്ട്.

ശ്രീ. ടി. യു. രാധാകൃഷ്ണൻ: ഈ കരാർ പുനരവലോകനം ചെയ്യുന്നതിനു വേണ്ടി ഏതെങ്കിലും കാലഘട്ടത്തിൽ ശ്രമിച്ചിട്ടുണ്ടോ; എങ്കിൽ അത് ഏത് ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ്; അത് പൂർത്തീകരിക്കാൻ നടപടിയായോ?

ശ്രീ. എം. എം. ഹസ്സൻ: 30 കൊല്ലം കൂടുമ്പോൾ കരാർ പുനരവലോകനം ചെയ്യണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ 1988-ൽ കരാർ പുനരവലോകനത്തിനുള്ള ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്; ചർച്ചകൾ ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. ജോർജ് ജെ. മാത്യു: സർ, കേരളത്തിന്റെ ജലസമ്പത്ത് തമിഴ്നാട് ചൂഷണം ചെയ്യുന്നു എന്ന സംശയം പരക്കെയുണ്ട്. സർക്കാരിന്റെ അഭിപ്രായത്തിൽ അങ്ങനെ കേരളത്തിന് ദോഷകരമായ എത്ര കരാറുകൾ നിലവിലുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: രണ്ട് അന്തർ സംസ്ഥാന നദീജല കരാറുകളും മുല്ലപ്പെരിയാർ കരാറും നിലവിലുണ്ട്. ഈ കരാറുകൾ കേരളത്തിനുണ്ടാക്കിയിട്ടുള്ള ദോഷങ്ങളെക്കുറിച്ച് ഗവൺമെന്റിന് തികച്ചും ബോധമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ പറമ്പിക്കുളം-ആളിയാർ പദ്ധതിയുടെ കരാർ പുനരവലോകനം ചെയ്ത് നമ്മുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും ദോഷകരമായ വ്യവസ്ഥകൾ പരിഹരിക്കുന്നതിനും തമിഴ്നാട് സർക്കാരുമായി ഗവൺമെന്റ് ഇതിനകംതന്നെ ചർച്ച നടത്തിക്കഴിഞ്ഞു.

ശ്രീ. ജോർജ് ജെ. മാത്യു: പഞ്ചാബ് ഏകപക്ഷീയമായി എസ്. എൽ. വൈ കരാറിന്റെ വ്യവസ്ഥകൾ നിയമസഭയിലെ ഒരു പ്രമേയംമൂലം റദ്ദ് ചെയ്തിരിക്കുകയാണ്. ഇത് സുപ്രീം കോടതിയുടെ പരിഗണനയിലാണ്. സുപ്രീം കോടതി പഞ്ചാബിന് അനുകൂലമായ തീരുമാനം എടുക്കുകയാണെങ്കിൽ എന്തുചെയ്യും എന്ന പ്രശ്നം ഉണ്ട്. മുല്ലപ്പെരിയാർ കരാർ പദ്ധതി ആയിരം കൊല്ലത്തേക്കാണ് കൊടുത്തിരിക്കുന്നത്. അങ്ങനെ ദോഷകരമായ കരാറുകൾ റദ്ദ് ചെയ്യാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എം. എം. ഹസ്സൻ: ഉഭയകക്ഷി ചർച്ചയിലൂടെ മാത്രമേ കരാറിൽ മാറ്റം വരുത്താൻ കഴിയുകയുള്ളൂ. ചോദ്യം മുല്ലപ്പെരിയാറിനെക്കുറിച്ചുള്ളതാണ്. മുല്ലപ്പെരിയാർ കരാറിനെ സംബന്ധിച്ച് ഉണ്ടായിട്ടുള്ള പരാതികൾ ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

ശ്രീ. തമ്പാനൂർ രവി: സർ, പറമ്പിക്കുളം നദീജല കരാറിൽ എന്തെങ്കിലും ലംഘനം നടന്നിട്ടുണ്ടോ; അങ്ങനെ കരാർ ലംഘനം നടന്നിട്ടുണ്ടെങ്കിൽ അത് പരിഹരിക്കാൻ എന്തെങ്കിലും നടപടി പ്രായോഗികമായി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എം. എം. ഹസ്സൻ: കരാർ ലംഘനം നടന്നതായി പരാതി ഉണ്ടായിട്ടുണ്ട്. തമിഴ്നാട് സർക്കാർ കരാർ ലംഘനം നടത്തുന്നത് കണ്ടെത്തിയതായി 1995-ൽ തന്നെ ശ്രീ. ടി. എം. ജേക്കബ് അദ്ധ്യക്ഷനായിട്ടുള്ള നിയമസഭാ കമ്മിറ്റിയുടെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല, ഈ അടുത്ത കാലത്ത് ചിറ്റൂർ പ്രദേശത്തുണ്ടായ കാർഷിക സമരം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ, ഈ കാര്യത്തിൽ കരാർ ലംഘനം നടന്നായി പരാതി ഉയർന്നുവന്നിട്ടുമുണ്ട്. ഉഭയകക്ഷി ചർച്ചകളിലൂടെ കരാർ പുനരവലോകനം ചെയ്ത് പുതിയ വ്യവസ്ഥകൾ നമ്മൾ അംഗീകരിപ്പിക്കുക എന്നുള്ളതാണ് അതിനുള്ള പരിഹാരമാർഗ്ഗം.

ശ്രീ. തമ്പാനൂർ രവി: എന്റെ മണ്ഡലത്തിലെ നെയ്യാർ ഡാം ഉൾപ്പെടെയുള്ള നദീജല കരാറുകളെ സംബന്ധിച്ച് ഒരു പഠനം കേരളത്തിൽ ആവശ്യമാണ്. അത്തരത്തിൽ ഒരു പഠനം നടത്താൻ തയ്യാറാകുമോ; ഇക്കാര്യത്തിൽ കേരളത്തിന്റെ താൽപ്പര്യം പ്രത്യേകമായി സംരക്ഷിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: ഇക്കാര്യത്തിൽ മുഖ്യമന്ത്രിയും ജലവിഭവ വകുപ്പു മന്ത്രിയും ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. നദീജല കരാറുകൾ ഉണ്ടാക്കിയ കാലഘട്ടത്തിൽനിന്ന് വ്യത്യസ്തമായ ഒരു സാഹചര്യം ഇന്ന് കേരളത്തിൽ അനുഭവപ്പെടുകയാണ്. ജല സമൃദ്ധിയുടെ കഴിഞ്ഞ കാലഘട്ടത്തിൽനിന്ന് ജലക്ഷാമത്തിന്റേതായ കാലഘട്ടത്തിൽ നാം എത്തിയിരിക്കുകയാണ്. ഈ സന്ദർഭത്തിൽ നദീജല കരാർ പുനരവലോകനം ചെയ്യുമെന്നും കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിന് ശക്തമായ നിലപാട് സ്വീകരിക്കുമെന്നും മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മെമ്പർ പറഞ്ഞ നെയ്യാർ ഡാമിലെ ജലവിഭവം പങ്കിടുന്ന കാര്യത്തിലും ഗവൺമെന്റ് ചർച്ച നടത്തുന്നതാണ്.

ശ്രീ. സി. പി. മുഹമ്മദ്: 10-6-2002-ൽ ചെന്നൈയിൽ നടന്ന അന്തർ സംസ്ഥാന മന്ത്രിതല ചർച്ചയിൽ പറമ്പിക്കുളം-ആളിയാർ പദ്ധതി പുനരവലോകനം ചെയ്യുന്നതിന് ഇരു സംസ്ഥാനങ്ങളിലേയുമായി മൂന്ന് പേർ അടങ്ങുന്ന ഒരു ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തി. ആ കമ്മിറ്റി 30-6-2003-ന് പുനരവലോകനം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചു. പക്ഷേ ചില പത്രങ്ങളിൽ കേരളത്തിന്റെ നഷ്ടത്തെക്കുറിച്ച് അതിൽ ഒരു പരാമർശവും ഇല്ല എന്ന് പറഞ്ഞു. ആ റിപ്പോർട്ടിന്റെ വിശദാംശം വ്യക്തമാക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ടിൽ കേരളത്തിന്റെ നഷ്ടത്തെക്കുറിച്ചും കേരളത്തിലുള്ള ഇപ്പോഴത്തെ ജലവിഭവം പങ്കിടുന്നതിനെ സംബന്ധിച്ചും ശക്തമായ ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ വായിക്കാൻ ഇപ്പോൾ സമയമില്ല. ഈ കരാർ 30 കൊല്ലത്തിനുശേഷം പുനരവലോകനം ചെയ്യുമ്പോൾ, കേരളത്തിന്റെ ശക്തമായ അഭിപ്രായങ്ങൾ ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ടിൽ വന്നിട്ടുണ്ട്. അതിപ്പോൾ ചർച്ചാവിധേയമാണ്. മന്ത്രിതല ചർച്ചയ്ക്ക് ശേഷം തമിഴ്നാട് മുഖ്യമന്ത്രിയും കേരളാ മുഖ്യമന്ത്രിയും തമ്മിലുള്ള ചർച്ചയുടെ തീയതി നിശ്ചയിക്കാൻ പോവുകയാണ്. ചർച്ച ഉടൻ ഉണ്ടാകും. തീർച്ചയായിട്ടും കേരളത്തിന്റെ താൽപ്പര്യം പൂർണ്ണമായും ആ ചർച്ചയിൽ ഉയർന്നുവരുന്നതാണ്. പത്ര റിപ്പോർട്ടുകൾ വസ്തുതാപരമല്ല.

ശ്രീ. സി. പി. മുഹമ്മദ്: 16.5 ടി. എം. സി.-യിൽ കൂടുതൽ വെള്ളം പറമ്പിക്കുളം ഗ്രൂപ്പിൽ ഉണ്ടായാൽ കേരളത്തിന് 2.5 ടി. എം. സി. വെള്ളം നിർബ്ബന്ധമായും തരണം എന്നാണ് വ്യവസ്ഥ. പക്ഷേ ഇതുവരെ ഒരു തവണ മാത്രമേ ഈ വെള്ളം ലഭിച്ചിട്ടുള്ളൂ. ഈ വ്യവസ്ഥ പാലിക്കുന്നതിനുവേണ്ടി ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: ഈ കാര്യത്തിൽ നമുക്ക് ആനമലയിൽ നിന്ന് ഓരോ വർഷവും 2.5 സഹസ്രദശലക്ഷം ഘന അടി വെള്ളം പറമ്പിക്കുളം-ആളിയാർ പ്രോജക്ട് സിസ്റ്റത്തിലേക്ക് തമിഴ്നാട് തിരിച്ചുവിടേണ്ടതാണ് എന്നൊക്കെ പറഞ്ഞിട്ടുണ്ടെങ്കിലും ഇടമലയാർ പദ്ധതി പൂർത്തിയാക്കിയതിനുശേഷമേ ഇത് നമുക്ക് ലഭിക്കു

കയുള്ളൂ. ഇതിന് സപ്ലിമെന്ററി എഗ്രിമെന്റ് ഉണ്ടാക്കണം എന്നെല്ലാം അതിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്.

ശ്രീ. എൻ. ശക്തൻ: സർ, കേരളത്തിൽനിന്ന് വെള്ളം ചോർത്തുന്നതിന് തമിഴ്നാട് പ്രത്യേക സംഘത്തെ ഏർപ്പാട് ചെയ്തിട്ടുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് തടയുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: ഇപ്പോഴത്തെ നിലയിൽ ഈ ഡാമിന്റെ നിയന്ത്രണം നമുക്ക് അല്ല. ഇതിൽ ചില അപാകതകൾ ഉണ്ട്. അത് പരിഹരിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള ചർച്ചയിലാണ് ഇപ്പോൾ ഗവൺമെന്റ് ഏർപ്പെട്ടിരിക്കുന്നത്.

ശ്രീ. എൻ. ശക്തൻ: നമ്മുടെ താൽപ്പര്യത്തിന് വിരുദ്ധമായി കേരളത്തിലെത്തന്നെ ചില ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: കേരളത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമായി ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നതിനുള്ള സാദ്ധ്യത വളരെ വിരളമാണ്. അങ്ങനെ പരാതി ഉയർന്നുവന്നാൽ അത് ഗവൺമെന്റ് ഗൗരവമായി പരിഗണിക്കുന്നതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, പറമ്പിക്കുളത്തിന്റെ കാര്യത്തിലായാലും മുല്ലപ്പെരിയാറിന്റെ കാര്യത്തിലായാലുമൊക്കെ നമ്മുടെ സ്റ്റേറ്റിന്റെ താൽപ്പര്യങ്ങൾക്ക് എതിരായിട്ടാണ് വരുന്നത്. കരാർ പുനരവലോകനം ചെയ്യുന്ന കാര്യവും നീണ്ടുപോകുന്നു. പാർലമെന്റിൽ മന്ത്രി പറയുന്നതുൾപ്പെടെയുള്ള മറുപടി വച്ച് നോക്കിയാൽ നമുക്ക് എതിരായിട്ടാണ് വരുന്നത്. മുഖ്യമന്ത്രിമാർ തലത്തിലുള്ള ചർച്ച രണ്ട് പ്രാവശ്യം ഈ സഭയിൽ പ്രഖ്യാപിച്ചതാണ്. ചർച്ച ഉടനെ ഉണ്ടാകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇന്നും പറഞ്ഞു. ആ ചർച്ച നീണ്ടുപോകുന്നതിനുള്ള തടസ്സം എന്താണ്? അത്തരം ചർച്ച ഉണ്ടായാൽ മാത്രമേ പരിഹാരം ഉണ്ടാക്കാൻ കഴിയുകയുള്ളൂ. അക്കാര്യം വിശദീകരിക്കാമോ? ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ഈ സഭയിൽ പല തവണ ആവർത്തിച്ചു പറഞ്ഞതാണ്.

മിസ്റ്റർ സ്പീക്കർ: ജലവിഭവ വകുപ്പുമന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയാം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഏറ്റവും അവസാനം ഇവിടെ ചർച്ച നടന്നു. പറമ്പിക്കുളം-ആളിയാർ പ്രോജക്ടിനെ സംബന്ധിച്ച് ഏറ്റവും അവസാനം കഴിഞ്ഞ ജനുവരി നാലാം തീയതിയിൽ നടന്ന ചർച്ചയിൽ ഈ കരാർ

LIBRARY ARCHIVES Kerala Legislative Assembly

പുതുക്കുന്നതിനെ സംബന്ധിച്ച് ഒരു ധാരണയുണ്ടാകുമെന്നാണ് ധരിച്ചത്. പക്ഷേ അതിനകത്തെ ചില പ്രശ്നങ്ങൾ മൂലം അവരുമായി വീണ്ടും തർക്കമുണ്ടായി. ആ ഒരു സാഹചര്യത്തിലാണ് മുഖ്യമന്ത്രി തലത്തിലുള്ള ചർച്ച അൽപ്പം നീണ്ടത്. മന്ത്രി തലത്തിലുള്ള ചർച്ചകളെത്തുടർന്ന് ഒരു കോൺസിക്വൻസ് ഉണ്ടായതിനുശേഷമേ മുഖ്യമന്ത്രി തലത്തിലുള്ള ചർച്ച നടത്താൻ സാധിക്കുകയുള്ളു. അതിനുള്ള ശ്രമം നടക്കുകയാണ്. കഴിഞ്ഞ മാസം 17-ാം തീയതി ഞാൻ തമിഴ്നാട് മന്ത്രിയുമായി സംസാരിച്ചിരുന്നു. അവർ പറഞ്ഞിരിക്കുന്നത് അടുത്ത മാസം ചർച്ച നടത്താം; അതിനുമുൻപ് വീണ്ടും മന്ത്രിതല ചർച്ചകൂടി നടത്തിയതിനുശേഷം മുഖ്യമന്ത്രി തലത്തിലേക്കുള്ള ചർച്ചയിലേക്ക് പോകാമെന്നാണ്.

<u>ശ്രീ. കെ. എൻ. എ. ഖാദർ:</u> 1958-ന് ശേഷം ഇതുവരെ മുഖ്യമന്ത്രി തലത്തിലുള്ള ചർച്ചകളിൽ പങ്കെടുത്തത് ഏതെല്ലാം മുഖ്യമന്ത്രിമാരാണ്; അവർ തമ്മിൽ ഉണ്ടാക്കിയിട്ടുള്ള ധാരണ എന്തൊക്കെയാണ് എന്ന് ചുരുക്കി വിശദീകരിക്കാമോ?

<u>ശ്രീ. എം. എം. ഹസ്സൻ:</u> 21-9-1989-ൽ ജലസേചന വകുപ്പുമന്ത്രിമാർ തമ്മിലാണ് അന്നത്തെ മുഖ്യമന്ത്രി ഇ. എം. എസ്. നമ്പൂതിരിപ്പാടും അണ്ണാദുരൈയും തമ്മിലായിരുന്നു ആദ്യത്തെ ചർച്ച. അതിനുശേഷം മന്ത്രിതല ചർച്ചകളാണ് നടന്നിട്ടുള്ളത്. മുഖ്യ മന്ത്രി തലത്തിലുള്ള ചർച്ച ഇനി നടക്കാൻ പോകുകയാണ്.

<u>ശ്രീ. ബിനോയ് വിശ്വം:</u> സർ, ഈ കരാറിന്റെ പ്രാധാന്യം എല്ലാപേർക്കും അറിയാമെങ്കിലും ഈ സഭയിൽ പലവട്ടം ഇതിനെപ്പറ്റി ചർച്ചകൾ ഉണ്ടായി. എങ്കിലും നമ്മുടെ താൽപ്പര്യം ഇപ്പോഴും അവഗണിക്കപ്പെടുകയാണ്. ഇക്കാര്യം ഇവിടെ പല വട്ടം വ്യക്തമാക്കപ്പെട്ടതുമാണ്. തമിഴ്നാട് വളരെ കൗശലപൂർവം നമ്മുടെ വെള്ളം തട്ടിയെടുക്കാൻ ശ്രമിക്കുമ്പോൾ നമുക്ക് അവകാശപ്പെട്ട വെള്ളം സ്വായത്തമാക്കാനുള്ള നീക്കം ഉണ്ടാകുന്നില്ല. നമ്മൾ ഉണ്ടാക്കിയ സമാനതകളിൽ ഭിന്നതയുണ്ടാകുന്നു; ടെക്നിക്കൽ എക്സ്പെർട്ട്സ് തമ്മിൽ ഭിന്നതയുണ്ടാകുന്നു. ഈ ചർച്ചകളിൽ വൈദ്യുതമന്ത്രിയുടെ അഭിപ്രായം വന്നിരിക്കുന്നു. മുഖ്യമന്ത്രി ഇടപെട്ടുള്ള ചർച്ചകളിലെ വാദങ്ങൾ പലപ്പോഴും പ്രാവർത്തികമാക്കപ്പെടുന്നില്ല. അതോടൊപ്പംതന്നെ ആനമല, നീരാൾ തുടങ്ങിയ പദ്ധതികളുമായി കൂട്ടിക്കലർത്തി ചർച്ച വേണമെന്ന വാദം വന്നിരിക്കുന്നു. ഇങ്ങനെ ഓരോ കെണിയുമായി നമ്മെ കുഴപ്പത്തിലാക്കാൻ അവർ ശ്രമിക്കുമ്പോൾ കേരളത്തിലെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടിയുള്ള കൃത്യമായ എന്ത് നീക്കം നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു എന്ന് വ്യക്തമായി ഈ സഭയിൽ ഇപ്പോഴെങ്കിലും പറയണം.

<u>ശ്രീ. ടി. എം. ജേക്കബ്:</u> എല്ലാ സന്ദർഭങ്ങളിലും ഗവൺമെന്റ് നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. പറമ്പിക്കുളം-ആളിയാർ കരാർ നമ്മൾ 1970-ൽ ഒപ്പുവച്ചതിനുശേഷം ഇവിടെ സൂചിപ്പിച്ചതുപോലെ ആ കരാറിൽ പറഞ്ഞിരിക്കുന്നത്-30 വർഷത്തിലൊരിക്കൽ കരാർ പുനരവലോകനം ചെയ്യണമെന്നാണ്. 1958-ന്റെ പൂർവ്വകാല പ്രാബല്യം കൊടുത്തു. ആ കരാർ ഏകപക്ഷീയമായി റദ്ദാക്കാൻ നമുക്ക് സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇരു സംസ്ഥാനങ്ങളും എഗ്രീ ചെയ്തെങ്കിൽ മാത്രമേ പുതുക്കാൻ കഴിയുകയുള്ളൂ. മുല്ലപ്പെരിയാർ കരാറിനെ സംബന്ധിച്ചിടത്തോളം 999 വർഷത്തേക്കുള്ള കരാർ ആണ്. ഇപ്പോൾ ഈ കരാറുകളെല്ലാംതന്നെ കേരളത്തിന് അപകടകരമായി വന്നിട്ടുണ്ട്. ഇതിൽ നിക്ഷിപ്ത താൽപ്പര്യമൊന്നുമില്ല. മൂന്ന് സന്ദർഭങ്ങളിൽ ഇതിന്റെ ചർച്ച നടന്നു. 9-11-1958-ലാണ് ആദ്യത്തെ ചർച്ച നടന്നത്. സഭയെ തെറ്റിദ്ധരിപ്പിക്കത്തക്ക നിലയിൽ ഞങ്ങൾ ഏതോ പ്രശ്നങ്ങൾ കാണിക്കുന്നു എന്ന നിലയിലുള്ള സംസാരം ഇതിനകത്ത് വരുന്നുണ്ട്. അതൊരു ശരിയായ രീതിയല്ല. 1958-ൽ ഇ. എം. എസും. കാമരാജും തമ്മിൽ നടന്ന ചർച്ചയിൽ പറമ്പിക്കുളം-ആളിയാർ പദ്ധതിയെ സംബന്ധിച്ച് അന്ന് ഉണ്ടാക്കിയ കരാർ അനുസരിച്ച് പറമ്പിക്കുളം-ആളിയാർ പദ്ധതിയുടെ ഭാഗമായി പറമ്പിക്കുളം, തുണക്കടവ്, തേക്കടി എന്നിങ്ങനെ മൂന്ന് ഡാമുകൾ കേരളത്തിൽ നിർമ്മിക്കാനും ഷോളയാറിലെ അധികജലമായ 2.5 ടി. എം. സി. ജലം തമിഴ്നാടിന് കൊടുക്കാനും നീരാറിൽ 8 മാസക്കാലയളവിലെ ജലം തമിഴ്നാടിന് വിട്ടുകൊടുക്കാനും ചർച്ചയിൽ ധാരണയായി. ഇതിനകത്ത് വീണ്ടും നമുക്ക് അപകടകരമായി ഒരു തീരുമാനം വന്നത് 10-5-1969-ലെ ചർച്ചയിലാണ്. അന്നത്തെ ചർച്ച ഇ. എം. എസും കരുണാനിധിയും തമ്മിലാണ്. ഈ ചർച്ചയിൽ തേക്കടിയാറിന് പകരമായി ലോവർ നീരാർ ഡാം പണിയാനും ഇടമലയാർ പദ്ധതി പൂർത്തിയായാൽ ആനമലയാറിൽ നിന്ന് പ്രതിവർഷം 2.5 ടി. എം. സി. ജലം തമിഴ്നാടിന് വിട്ടുകൊടുക്കാനും ധാരണയായി. ഈ ധാരണ നിലനിൽക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് 29-5-1970-ൽ ആ കരാർ ഒപ്പുവച്ചിരിക്കുന്നത്. കരാർ ഏകപക്ഷീയമായി പുതുക്കാൻ കുഴപ്പമാണെന്ന് പറഞ്ഞു, ഈ ഗവൺമെന്റ് വന്നതിനുശേഷം എത്രയോ ചർച്ചകൾ നടന്നു, മന്ത്രി തലത്തിൽ നാല് ചർച്ചകൾ നടന്നു, ആദ്യം എന്റെ തലത്തിൽ ഒരു ചർച്ച നടന്നു. ഞാനും ധനകാര്യവകുപ്പുമന്ത്രിയും പങ്കെടുത്ത രണ്ട് ചർച്ചകളിൽ ഒന്ന് ചെന്നൈയിൽ വച്ചാണ് നടന്നത്. ഏറ്റവും അവസാനം കേരളത്തിലും നടന്നു. ഞങ്ങൾ ഇതിനകത്ത് എഫർട്ട് എടുക്കുന്നില്ല എന്ന് പറയുന്നത് ശരിയല്ല. ഇരു സംസ്ഥാനങ്ങളും എഗ്രീ ചെയ്യണം. എങ്കിൽ മാത്രമേ കരാർ പുതുക്കാൻ കഴിയൂ.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ഇരു സംസ്ഥാനങ്ങളും എഗ്രീ ചെയ്യണമെന്നു പറയുന്ന അങ്ങയുടെ പോയിന്റാണ് പ്രസക്തമായ പ്രശ്നം. ഇരു സംസ്ഥാനങ്ങളും ബൈലാറ്ററൽ ഡിസ്കഷൻ നടത്തി. ഒരു ബൈലാറ്ററൽ കോൺട്രാക്ട് നമ്മൾ ഉണ്ടാക്കിക്കഴിഞ്ഞാൽ രണ്ട് സംസ്ഥാനങ്ങളാണ് അതിന്റെ ഭാഗമായി വരുന്നത്. അതിനകത്ത് ഏകപക്ഷീയമായി ഒരു സംസ്ഥാനം എഗ്രിമെന്റിൽ നിന്ന് പുറകോട്ട് പോകുന്ന അവസ്ഥ വന്നാൽ കോൺട്രാക്ച്വൽ ഒബ്ലിഗേഷൻ അവർ ലംഘിക്കുകയാണ് എന്നതല്ലേ യാഥാർത്ഥ്യം? അങ്ങനെ വന്നാൽ ഏകപക്ഷീയമായി കരാർ ലംഘനം നടന്നതുകൊണ്ട് കരാർ പുതുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുക്കണം. ഏകപക്ഷീയമായി കരാർ ലംഘിച്ചവർക്കെതിരെ നടപടി വേണമെന്നുള്ള ആവശ്യവുമായി നമുക്ക് മുന്നോട്ടുപോകാൻ കഴിയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: സർ, കരാർ ലംഘിച്ചാൽ എന്താണ് അനന്തര നടപടിയെന്ന് ഈ കരാർ വച്ച അവസരത്തിൽ പറഞ്ഞിട്ടില്ല. അതിനകത്ത് അന്ന് കോമ്പൻസേഷൻ ഉള്ള ഒരു പ്രൊവിഷൻ വയ്ക്കേണ്ടതായിരുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കരാർ ലംഘിച്ചാൽ എങ്ങനെയെന്നുള്ളതിനെപ്പറ്റി പറഞ്ഞിട്ടില്ലെങ്കിൽ ഈ രാജ്യത്ത് നിലനിൽക്കുന്ന നിയമങ്ങളല്ലേ പിന്നെ ആ കരാറിനെ ബാധിക്കേണ്ടത്.

ശ്രീ. ടി. എം. ജേക്കബ്: അല്ല, ഒരു എഗ്രിമെന്റ് എന്ന് വച്ചാൽ, മ്യൂച്ചൽ ആയിട്ടുള്ള എഗ്രിമെന്റാണ്. ഏകപക്ഷീയമായി ആ എഗ്രിമെന്റിൽനിന്ന് മാറാൻ സാദ്ധ്യമല്ല എന്നതാണ് നിയമവിദഗ്ദ്ധരുടെ അഭിപ്രായം. രണ്ട് അഭിപ്രായം വന്നിട്ടുണ്ട്. മറ്റൊരു അഭിപ്രായം പറയുന്ന ആളുകളും ഉണ്ട്. പക്ഷേ നിയമജ്ഞരുമായി സംസാരിച്ചപ്പോൾ അവർ പറയുന്ന ഒരു കാര്യം, ഇരു സംസ്ഥാനങ്ങളും തമ്മിൽ ഉണ്ടാക്കിയിരിക്കുന്ന എഗ്രിമെന്റ് എന്നുള്ള നിലയിൽ അതിനകത്ത് നിന്ന് ഏകപക്ഷീയമായി ഒരു സ്റ്റേറ്റിന് മാറാൻ സാദ്ധ്യമല്ല എന്നാണ്. പിന്നെ മറ്റൊന്നുള്ളത് ഈ ഡാമുകളുടെ കൺട്രോൾ എല്ലാം അവർക്കാണ്. മൊത്തം പത്ത് ഡാമുകൾ ഉണ്ട്. എട്ട് ഡാമുകളും രണ്ട് വിയറും ഇതിനകത്ത് ഉണ്ട്. കേരള-ഷോളയാർ ഡാം ഒഴികെ ബാക്കിയെല്ലാ ഡാമുകളുടേയും നിയന്ത്രണം ഇപ്പോൾ തമിഴ്നാടിന്റെ കയ്യിലാണ്. അപ്പോൾ നമുക്ക് ഇക്കാര്യത്തിൽ ഏറെ പരിമിതികൾ ഉണ്ടായിട്ടുണ്ട്.

ശ്രീ. വി. കെ. ചന്ദ്രൻ: ഇരുസംസ്ഥാനങ്ങളും ഉണ്ടാക്കിയ ഒരു ധാരണയുടെ അടിസ്ഥാനത്തിലാണ് തമിഴ്നാടിന് നമ്മൾ വെള്ളം കൊടുക്കുന്നത്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി തന്നെ ഈ സഭയിൽ നൽകിയ ഒരു ഉത്തരത്തിൽ പറയുന്നത് 30 വർഷത്തേക്കാണ് കരാർ എന്നാണ്. 1970-ലാണ് ഈ കരാർ പുതുക്കുന്നത്. അങ്ങനെയാകുമ്പോൾ 2000-ൽ ഈ കരാറിന്റെ കാലാവധി തീരുകയാണ്. കേരളത്തിന്റെ താൽപ്പര്യങ്ങൾ നിരന്തരമായി ഹനിക്കുന്ന രൂപത്തിലുള്ള ഒരു നടപടിയാണ് തമിഴ്നാടിന്റെ ഭാഗത്തുനിന്ന് വന്നുകൊണ്ടിരിക്കുന്നത്. അങ്ങനെ വരുമ്പോൾ കേരളത്തിലെ ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ട് വരുന്നു. തമിഴ്നാട് നമ്മുടെ താൽപ്പര്യങ്ങൾ ഹനിച്ചുകൊണ്ട് കൂടുതൽ ജലസമ്പത്ത് ആർജ്ജിച്ചെടുക്കുകയാണ്. ഇപ്പോൾത്തന്നെ മണക്കടവ് വിയറിൽ നിന്ന് നമുക്ക് അളന്നുതരുന്ന ജലം വീണ്ടും അവരുടെ അതിർത്തിയിൽക്കൂടി തമിഴ്നാട് ചോർത്തിക്കൊണ്ടുപോകുകയാണ്. അങ്ങനെ കേരളത്തിന് കിട്ടേണ്ടിയിരുന്ന എല്ലാ അർഹതപ്പെട്ട ആനുകൂല്യങ്ങളും ഇതിന്റെ ഭാഗമായി നിഷേധിക്കപ്പെടുകയാണ്. അതുകൊണ്ട് ഈ കരാർ പുനഃപരിശോധിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വി. കെ. ചന്ദ്രൻ പറഞ്ഞത് ശരിയല്ല. 30 വർഷം കഴിഞ്ഞാൽ ഈ കരാർ പുതുക്കാമെന്ന് വ്യവസ്ഥയില്ല. ഇതിന് 1958 മുതൽ പൂർവകാല പ്രാബല്യമുണ്ട്. 1988-ൽ പുനരവലോകന ചർച്ചകൾ ആരംഭിച്ചു. 1989-ൽ തമിഴ്നാടും കേരളവും തമ്മിൽ ആദ്യത്തെ മെമ്മോറണ്ടം

LIBRARY ARCHIVES Kerala Legislative Assembly

കൈമാറുന്നു. 1989-ൽ തുടങ്ങിയ ചർച്ച 2004 ആയിട്ടും തീർന്നിട്ടില്ല. മന്ത്രിതല ചർച്ചകൾ നടന്നു. ഉദ്യോഗസ്ഥതല ചർച്ചകൾ നടന്നു. ഇരു സ്റ്റേറ്റുകളും എഗ്രീ ചെയ്തുവെങ്കിൽ മാത്രമേ അതിനകത്ത് മാറ്റം വരുത്താൻ കഴിയുകയുള്ളൂ. ഇന്ന് കിട്ടുന്ന ആനുകൂല്യങ്ങൾ എത്രകണ്ട് കുറയ്ക്കാൻ തമിഴ്നാട് തയ്യാറാകും? നമുക്ക് കിട്ടുന്ന ഏതെങ്കിലും ആനുകൂല്യം കുറയ്ക്കാൻ നമ്മൾ തയ്യാറാകുമോ? ഇതുരണ്ടും ഇതിനകത്ത് ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയിട്ടുണ്ട്. മണക്കടവ് വിയറിൽനിന്ന് 7.25 ടി. എം. സി. ജലം നമുക്ക് അളന്നുകിട്ടി. ചിറ്റൂർ താലൂക്കിലെ കാർഷികാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാൻ വെള്ളം കിട്ടുന്നു. പക്ഷേ മണക്കടവിൽ നിന്ന് മൂലത്തറയിൽ അനധികൃതമായി പമ്പിംഗ് നടക്കുന്നുണ്ട്. ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിനുശേഷം തിരുവനന്തപുരത്തുവച്ചു നടന്ന കഴിഞ്ഞ മന്ത്രിതല ചർച്ചയിൽ അവരോട് പറഞ്ഞു. നിങ്ങൾ വെള്ളം അളന്നു തന്നതിനുശേഷം നിങ്ങളുടെ കൃഷിക്കാർ വീണ്ടും ഇത് ചൂഷണം ചെയ്യുന്ന അവസ്ഥയുണ്ട്; അനധികൃതമായി പമ്പുകൾ വയ്ക്കുന്ന ഒരു സാഹചര്യമാണുള്ളത് എന്ന്. പാലക്കാട് കളക്ടറും, കോയമ്പത്തൂർ കളക്ടറും സംയുക്തമായി സ്ഥലം സന്ദർശിച്ച് അനധികൃതമായി വച്ചിരുന്ന പമ്പുകൾ നീക്കം ചെയ്തു. ആ 7.25 ടി. എം. സി. ജലം നമുക്ക് കൃത്യമായി കിട്ടുന്നില്ല എന്നുള്ളതാണ് പാലക്കാട് ഭാഗത്തെ ബാധിച്ചിരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നം.

<u>ശ്രീ. പി. പി. ജോർജ്:</u> കരാർ ലംഘിച്ചാലുള്ള പ്രശ്നം നിലനിൽക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മിനിസ്റ്റർ പറഞ്ഞു. കരാറിലെ വ്യവസ്ഥകൾ പരിപാലിക്കപ്പെടുന്നുണ്ടോ എന്ന് നോക്കുന്ന ന്യായമായ സംവിധാനം, അതിന്റെ സൂപ്പർവിഷൻ ഫലപ്രദമാണോ, അതു മാത്രമല്ല നമ്മുടെ സ്റ്റേറ്റിലെ കൃഷിക്കാരെ പ്രതികൂലമായി ബാധിക്കുന്ന ഈ വിവാദം നീട്ടിക്കൊണ്ടുപോകാതെ സമയബന്ധിതമായ ഒരു പ്രോഗ്രാം നിശ്ചയിച്ച് അവസാന തീരുമാനം എടുക്കാൻ സാധിക്കുമോ?

<u>ശ്രീ. ടി. എം. ജേക്കബ്:</u> ഇതിനുള്ള സംവിധാനമെന്ന് പറയുന്നത് Joint Water Regulation Board ആണ്. അത് കൃത്യമായി കൂടുന്നുണ്ട്. കരാറിൽ വച്ചിട്ടുള്ള ഷെഡ്യൂളുകളിൽ മോണിട്ടറിംഗ് സംബന്ധിച്ച് പറയുന്നുണ്ട്. അത് കൃത്യമായി പരിപാലിക്കപ്പെടുന്നില്ല. നിയമസഭയുടെ അഡ്ഹോക്ക് കമ്മിറ്റി രൂപീകൃതമായതിനു ശേഷം ആ കമ്മിറ്റിയുടെ പരിശോധനയിൽ കേരളത്തിന്റെ പല വ്യവസ്ഥകളും തമിഴ്നാട് ലംഘിച്ചതായി കണ്ടെത്തി. അതിനെത്തുടർന്ന് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. കെ. കരുണാകരൻ അന്നത്തെ തമിഴ്നാട് മുഖ്യമന്ത്രിയായിരുന്ന ജയലളിതയ്ക്ക് ഇന്നയിന്ന കാര്യങ്ങൾ നിങ്ങൾ വയലേറ്റ് ചെയ്തിട്ടുണ്ടെന്ന് അറിയിച്ചുകൊണ്ട് ഒരു കത്തയച്ചു. അതിന് അവർ നൽകിയ മറുപടി ഫയലിലുണ്ട്. അതിൽ പറയുന്നത് ഒന്നും ലംഘിച്ചിട്ടില്ലെന്നാണ്. ഒന്നും ലംഘിച്ചിട്ടില്ലെന്ന് പറഞ്ഞ് ഫ്ളാറ്റായിട്ട് ഡിക്ലൈ ചെയ്യുകയാണ് ചെയ്തത്. അത് വീണ്ടും ചർച്ചയ്ക്ക് വന്നിട്ടുണ്ട്. പല കാര്യങ്ങളും അവർ അനധികൃതമായി ചെയ്തു. രണ്ട് പവർ സ്റ്റേഷനുകൾ അവർ പുതുതായി കെട്ടി. കാടമ്പാറയിൽ ഡാം കെട്ടുന്നുണ്ട്. കോണ്ടൂർ കനാൽ

LIBRARY ARCHIVES Kerala Legislative Assembly

ലൈനിംഗ് നടത്തിയിട്ടുണ്ട്. ഇങ്ങനെ പല തരത്തിലുള്ള കരാർ ലംഘനം അവർ നടത്തിയിട്ടുണ്ട്. അതിന്റെ ഒരു മോണിട്ടറിംഗ് നടത്തി. അതിൽനിന്ന് കണ്ടെത്തിയ കാര്യങ്ങൾ നമ്മൾ അവർക്കെഴുതിയിട്ടുണ്ട്. കൂടാതെ ഈ വിഷയം ചർച്ച ചെയ്തിട്ടുമുണ്ട്. ടെക്നിക്കൽ കമ്മിറ്റി ഇക്കാര്യം ഉന്നയിച്ചിട്ടുണ്ട്. അത് ടൈംബൗണ്ടായി ചെയ്യാൻ ശ്രമിക്കുന്നുണ്ട്. രണ്ടു സംസ്ഥാനങ്ങളും എഗ്രീ ചെയ്യാത്ത സാഹചര്യത്തിൽ എത്ര ടൈം ബൗണ്ടായി പ്രോഗ്രാം വച്ചാലും ആ ഷെഡ്യൂൾ അനുസരിച്ച് പോകണമെന്നില്ല.

ശ്രീ. എം. വി. ജയരാജൻ: കരാർ ലംഘനം ഉണ്ടായാൽ എന്ത് ചെയ്യുമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന നിയമമനുസരിച്ച് കരാർ ലംഘനമുണ്ടായാൽ നമുക്ക് നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്. അതിനുവേണ്ടി എന്തെങ്കിലും നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ? ഏതെങ്കിലും നീതിന്യായ സംവിധാനത്തിന്റെ മുമ്പാകെ ഇങ്ങനെയൊരു കാര്യം കാണിച്ച് സമീപിച്ചിട്ടുണ്ടോ? കോണ്ടൂർ കനാൽ വഴിയുള്ള വെള്ളം ചോർത്തൽ, അതുപോലെതന്നെ 3.3 ടി.എം.സി.-യിൽ കൂടുതൽ വെള്ളം അവർ എടുത്തുകൊണ്ടുപോകുന്നു എന്നൊക്കെയുള്ള പ്രശ്നങ്ങളുണ്ട്. കരാർ ലംഘനം തുടർച്ചയായി നടത്തിക്കൊണ്ടിരിക്കുകയും, സംസ്ഥാനങ്ങൾ തമ്മിലുള്ള ഉഭയകക്ഷി ചർച്ചകൾ നടത്തുകയും ചെയ്യുന്നുണ്ട്. നമ്മൾ ലംഘനം നടത്തുന്നില്ല. അവർ ലംഘനം നടത്തുന്നു. അങ്ങനെ വരുമ്പോൾ എങ്ങനെയാണ് നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻ കഴിയുക? നിലവിൽ കരാറിൽ വ്യവസ്ഥയില്ല. നിയമവ്യവസ്ഥയനുസരിച്ച് നമ്മൾ നടപടി സ്വീകരിക്കുക. ഇല്ലെങ്കിൽ അവർ കരാർ ലംഘനം നടത്തുമ്പോൾ നമ്മളും കരാർ ലംഘനം നടത്തണം, നമ്മൾ വെള്ളം ചോർത്തിക്കൊണ്ടുപോകണം. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ കഴിയില്ല എന്ന കാര്യം സർക്കാർ പരിഗണിച്ച് ഇക്കാര്യത്തിൽ ഗൗരവമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ഈ ചർച്ചകൾ ഫലപ്രാപ്തിയിലെത്തുന്നില്ലെങ്കിൽ നമ്മുടെ മുമ്പിലുള്ള ഒരു ഓപ്ഷൻ ആർബിട്രേഷനാണ്. ആർബിട്രേഷനുപോയിക്കഴിഞ്ഞാൽ പല പ്രശ്നങ്ങളുമുണ്ട്. ഉദാഹരണത്തിന് കാവേരി ഇഷ്യൂവിന് ഒരു ട്രൈബ്യൂണൽ ഉണ്ടാക്കി. കാവേരി ഇഷ്യൂ ഒരു ട്രൈബ്യൂണലിന് മുന്നിൽ വിട്ടിട്ട് വർഷങ്ങൾ എത്ര കഴിഞ്ഞു? ട്രൈബ്യൂണൽ അംഗങ്ങളായിരുന്ന മെമ്പർമാർ മരിച്ചു. വീണ്ടും പുതിയ ട്രൈബ്യൂണൽ മെമ്പർമാർ വന്നു. അവർക്ക് വീണ്ടും കേസ് ആദ്യം മുതൽ കേൾക്കണമെന്ന് പറയുന്നു, കാവേരി പ്രശ്നം നമ്മുടെ മുമ്പിൽ ഇഷ്യൂവായിട്ട് നിൽക്കുമ്പോൾ, ആർബിട്രേഷനും ട്രൈബ്യൂണലിനും മുമ്പാകെ ഈ വിഷയം വിട്ടുകൊടുക്കുമ്പോൾ ഉണ്ടാകുന്ന കാലതാമസം വളരെയേറെ ആയിരിക്കും. ഇപ്പോൾ നഷ്ടം സംഭവിച്ചു കൊണ്ടിരിക്കുന്നത് കേരളത്തിനാണ് എന്നുള്ളതുകൊണ്ട് എങ്ങനെയും തമിഴ്നാടുമായി ചർച്ച നടത്തിയിട്ട് രണ്ടു സംസ്ഥാനങ്ങളും തമ്മിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ധാരണയുണ്ടാക്കി കരാർ പുനരവലോകനം ചെയ്യുന്നതാണ് ഏറ്റവും നല്ലത്. അതിനുള്ള ആത്മാർത്ഥമായ ശ്രമം ഈ ഗവൺമെന്റ് നടത്തുന്നുണ്ട്. അതുകൊണ്ടാണ് മൂന്ന് വർഷത്തിനിടയിൽ നാലു പ്രാവശ്യം മന്ത്രിതല ചർച്ചയും ഉദ്യോഗസ്ഥതല ചർച്ചയും നടത്തിയത് കൂടാതെ ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചു. ടെക്നിക്കൽ കമ്മിറ്റി ഒരു വർഷത്തിനിടയിൽ പല ചർച്ചകളും നടത്തി നിരന്തരമായി പ്രശ്നപരിഹാരത്തിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ചന്ദ്രൻ: കേരളത്തിന്റെ ഭാഗമായ പറമ്പിക്കുളത്ത് ഗ്രൂപ്പ് ഡാംസ് പണിതു. അതിലെ വെള്ളത്തെ സംബന്ധിച്ച ഏകപക്ഷീയമായ കരാറിൽ അന്നത്തെ കേരള മുഖ്യമന്ത്രിയായിരുന്ന ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടും തമിഴ്നാട് മുഖ്യമന്ത്രിയായിരുന്ന അണ്ണാദുരൈയും ഒപ്പുവച്ചു. ഇപ്പോൾ നിരന്തരം കരാർ ലംഘനം നടത്തിക്കൊണ്ടിരിക്കുന്നു. ഇത് കേരള ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നതുകൊണ്ടാണല്ലോ പിന്നീട് തമിഴ്നാടിന്റെ ആവശ്യത്തിനായി പണിത ശിരുവാണി അണക്കെട്ട് നമ്മൾ പണിയുകയും നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തത്. അത് മനസ്സിൽവച്ചുകൊണ്ട് കരാർ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുമ്പോൾ കേരളത്തിന് നീതി ലഭിക്കുന്നതിനുവേണ്ടി ശ്രദ്ധിക്കപ്പെടേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി നിരവധി കാര്യങ്ങൾ പറഞ്ഞെങ്കിലും അതിലും കൂടുതൽ ലംഘനം നടക്കുന്നുണ്ട്. മണക്കടവിൽ വച്ചാണ് നമുക്ക് വെള്ളം അളന്ന് തരേണ്ടത്. അതിന് തൊട്ടുമുകളിൽ അംബ്രാൻ വളയത്ത് കുടിവെള്ളത്തിനെന്ന പേരിൽ 100 എച്ച്. പി. പമ്പ് സ്ഥാപിച്ച് നിരന്തരമായി പമ്പുചെയ്തുവരുന്നുണ്ട്. മണക്കടവിനുതാഴെ നമ്മുടെ ഉദ്യോഗസ്ഥൻമാർ കണ്ടുപിടിച്ച 33 പമ്പുകൾ ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അനധികൃതം വേറെയുമുണ്ട്. ഇങ്ങനെ നിരന്തരമായി നമുക്ക് ലഭിക്കേണ്ട വെള്ളം ലഭ്യമാക്കാൻ അടിയന്തിര നടപടി എങ്ങനെ സ്വീകരിക്കാൻ കഴിയും, അതിനുവേണ്ടുന്ന നടപടിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തി പാലക്കാട്ടെ കൃഷിക്കാർക്ക് ആശ്വാസവും പ്രയോജനവും ഉണ്ടാക്കാൻ ശ്രമിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: രണ്ട് പ്രശ്നങ്ങളാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. ഒന്ന്, മണക്കടവ് വിയറിനുമുകളിൽ 100 ഹോഴ്സ് പവർ പമ്പ് സ്ഥാപിച്ച് വെള്ളം എടുക്കുന്നുണ്ടെന്നാണ്. അത് എന്റെ ശ്രദ്ധയിൽപ്പെട്ടത് ഇപ്പോഴാണ്. മണക്കടവ് വിയറിനുതാഴെ നിരവധി മോട്ടോറുകൾ വച്ചിട്ടുണ്ടെന്ന് പറഞ്ഞു. അത് ആദ്യം അൻസർ ചെയ്തതാണ്. പമ്പു സെറ്റുകൾ വെച്ചു എന്നുള്ളത് ബോദ്ധ്യമായി. അതിന്റെ അടിസ്ഥാനത്തിലാണ് ജോയിന്റ് വെരിഫിക്കേഷൻ ആവശ്യപ്പെട്ടത്. ബഹുമാനപ്പെട്ട മെമ്പർക്കുതന്നെ അറിയാവുന്നതുപോലെ മണക്കടവ് വിയറിനും മൂലത്തറ വിയറിനും ഇടയിലുള്ള ഭാഗത്തിന്റെ ഭൂരിഭാഗവും തമിഴ്നാടിന്റെ ടെറിട്ടറിയാണ്. തമിഴ്നാടിന്റെ ടെറിട്ടറിയിൽ ഇങ്ങനെ നമുക്ക് അനധികൃതമായിട്ട് ഇടപെടാൻ കഴിയില്ല. നമ്മുടെ പോലീസുദ്യോഗസ്ഥർക്ക് അവിടെ കയറി ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. അതുകൊണ്ടുതന്നെയാണ് അവരോട് ഇത് പറഞ്ഞത്. ഏറ്റവും കൂടുതൽ വരൾച്ച ഉണ്ടായ സന്ദർഭത്തിൽ അവർ പരിഹാരമുണ്ടാക്കി. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അതിനുവേണ്ട നിർദ്ദേശം ഒന്നുകൂടി കൊടുക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ചെന്താമരാക്ഷൻ: ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി മറുപടി പറഞ്ഞ് ശ്രീ. എം. എം. ഹസ്സന്റെ മറുപടി, അതിന്റെ അടിസ്ഥാനത്തിൽ ഉപചോദ്യത്തിന്റെ മറുപടിയും കേട്ടപ്പോൾ ഇവിടെ വളരെ സുഗമമായി നടക്കുന്നു എന്നാണ്. കഴിഞ്ഞ വർഷത്തെ അനുഭവം, ചിറ്റൂർ താലൂക്കിൽ ഇരുപതിനായിരം ഹെക്ടർ കൃഷിഭൂമി ഉണങ്ങി. ഇത് പുതുക്കുന്നതുമായി ബന്ധപ്പെട്ട് ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട് വന്നിട്ടുണ്ട്. അത് കേരളത്തിന്റെ എല്ലാ താൽപ്പര്യങ്ങളേയും അട്ടിമറിക്കുകയാണ്. നമ്മുടെ കേരളത്തിലെ ആയിരക്കണക്കിന് ഹെക്ടർ കൃഷിഭൂമി ഉണങ്ങാനുള്ള ഈ കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട് വന്നിട്ടുണ്ട്. അത് കേരളത്തിന്റെ എല്ലാ താൽപ്പര്യങ്ങളേയും അട്ടിമറിക്കുന്ന രീതിയിലുള്ളതാണ്. കേരളത്തിലെ ആയിരക്കണക്കിന് ഹെക്ടർ കൃഷിഭൂമി ഉണങ്ങാനുള്ള സ്ഥിതിയുണ്ടാക്കിയ ഈ കരാർ നടപ്പിലാക്കാനാവശ്യമായ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഈ കരാറിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് കിട്ടേണ്ട 75 ടി. എം. സി. വെള്ളം ഒരു കാലത്തും കിട്ടിയിട്ടില്ല എന്ന സ്ഥിതിവിശേഷം നില നിൽക്കുന്നു. വെള്ളം കിട്ടുന്ന കാര്യത്തിൽ കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനാവശ്യമായ സമഗ്രമായ ഒരു നടപടിയുണ്ടാവണം. ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ട് തയ്യാറാക്കുന്നതിന് അയച്ചത് താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥരെയാണ്. ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ടിൽ കരാർ പുതുക്കുന്നതിനെപ്പറ്റി പറയുന്നുണ്ട്. ഇക്കാര്യത്തിൽ കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ആവശ്യമായ ശക്തമായ നടപടി ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട ചെന്താമരാക്ഷൻ പറഞ്ഞതു കേട്ടാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ഞങ്ങൾ എന്തോ ഭയങ്കര അപരാധം ചെയ്തു എന്ന് തോന്നും. 1988-ലാണ് പുനരവലോകനവും മറ്റും വന്നത്. അതിനുശേഷം രണ്ട് പ്രാവശ്യം നിങ്ങൾ അധികാരത്തിൽ വന്നു. അങ്ങോട്ടുമിങ്ങോട്ടും കുറ്റം പറയാനുള്ള ശ്രമം വേണ്ട. ഞാൻ ഈ വക കാര്യങ്ങൾ രാഷ്ട്രീയവൽക്കരിക്കാനാഗ്രഹിക്കുന്നില്ല. നമുക്കാവശ്യം നമുക്കുവേണ്ട വെള്ളം കിട്ടുക എന്നുള്ളതാണ്. ബഹുമാനപ്പെട്ട ചെന്താമരാക്ഷൻ പറഞ്ഞതുപോലെ ഒന്നും അറിയാൻ വയ്യാത്തവരെയല്ല ടെക്നിക്കൽ കമ്മിറ്റിയിൽ അയച്ചത്. നമ്മൾ മൂന്ന് പേരെയാണ് അയച്ചത്. രണ്ടുപേർ ഇറിഗേഷൻ വകുപ്പിലെ ചീഫ് എഞ്ചിനീയറന്മാരായിരുന്നു. ഒരാൾ ഇലക്ട്രിസിറ്റി ബോർഡിലെ ചീഫ് എഞ്ചിനീയർ ആണ്. മൂന്ന് ചീഫ് എഞ്ചിനീയർമാരെയാണ് തമിഴ്നാട് അയച്ചത്. അങ്ങനെ ആറ് പേരടങ്ങുന്ന ടെക്നിക്കൽ കമ്മിറ്റിയാണ് ഇത് പരിശോധിച്ചത്. അവരെല്ലാം ചേർന്ന ടെക്നിക്കൽ കമ്മിറ്റിയാണ് പരിശോധിച്ചത്. ബഹുമാനപ്പെട്ട ചെന്താമരാക്ഷൻ വായിച്ച ആദ്യത്തെ വാചകം 1970-ൽ ഒപ്പുവച്ച കരാറിലേതാണ്. അത് റീ-പ്രൊഡ്യൂസ് ചെയ്തുവെന്നുമാത്രമേയുള്ളൂ. ആ ഒരു സെന്റൻസ് എഴുതിവച്ചതുകൊണ്ട് പ്രശ്നമൊന്നുമില്ല. പെരിയാർ, ചാലക്കുടി, ഭാരതപ്പുഴ ഉൾപ്പെടെയുള്ള നദികളിലെ വെള്ളം ഇരു സംസ്ഥാനങ്ങൾക്കും ഷെയർ ചെയ്യാനായിട്ടുണ്ടാക്കിയ ഒരു

നല്ല കരാർ എന്ന് അന്ന് അതിനകത്ത് അന്നെഴുതി വച്ചു. അതിന്റെ അടിസ്ഥാനത്തി ലാണ് കരാർ നിലവിൽ വന്നത്. അത് ഈ കമ്മിറ്റി റിപ്പോർട്ടിൽ റീ-പ്രൊഡ്യൂസ് ചെയ്തു എന്നു പറഞ്ഞാൽ ആകാശം ഇടിഞ്ഞുവീഴും എന്ന രീതിയിൽ പറയുന്നത് ശരിയല്ല.

ശ്രീ. പി. ടി. തോമസ്: മുല്ലപ്പെരിയാർ കരാറിന് 999 വർഷത്തെ ഒരു കാലാവധി യെങ്കിലും നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പറമ്പിക്കുളം-ആളിയാർ കരാറിന് കൽപ്പാന്തകാ ലത്തോളം തുടരാമെന്നാണ് കരാറനുസരിച്ചുള്ള വ്യവസ്ഥ. മുൻകൂട്ടിയുള്ള യാതൊരു കാഴ്ചയുമില്ലാതെ 1958-ൽ ഉണ്ടാക്കിയ കരാർ കേരളത്തിന്റെ താൽപ്പര്യങ്ങൾ പരിപൂർണ്ണ മായും ഹനിക്കുന്നതാണ്. എന്റെ ചോദ്യം, കാരാമ്പാറ അണ്ടർഗ്രൗണ്ട് പവർ ഹൗസ് അതുപോലെതന്നെ കോങ്ങൂർ കനാലിലെ നിരവധി സ്ഥലങ്ങളുള്ള intersecting അടക്കം വെള്ളം ചോർത്തൽ, പാട്ടത്തുക കാലാകാലങ്ങളിൽ അടയ്ക്കുന്നത് തുടങ്ങി നിരവധി കരാർ ലംഘനങ്ങൾ അന്നത്തെ നിയമസഭാ കമ്മിറ്റി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മന്ത്രിയും മുഖ്യമന്ത്രിയും ശ്രമങ്ങൾ നടത്തിയതിനെ മറന്നുകൊണ്ടല്ല ഇക്കാര്യത്തിൽ ഗൗരവപൂർവ്വമായ നിലപാട് സ്വീകരി ച്ചുകൊണ്ട് ഈ പ്രശ്നം തമിഴ്നാട് ഗവൺമെന്റിന്റെ അടുത്തും കേന്ദ്ര ഗവൺമെന്റിന്റെ അടുത്തും ഉന്നയിക്കാനുള്ള നടപടികൾ അടുത്തകാലത്തുണ്ടായ പഞ്ചാബ് സംഭവത്തിന്റെ പശ്ചാത്തലത്തിൽ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: പഞ്ചാബിലുണ്ടായ സംഭവവും പഞ്ചാബിലുണ്ടായ നിയമവും കേരളത്തിൽ ആവശ്യമാണോ? ഇവിടെ നമ്മൾ പൊതുവായി ആലോചി ക്കേണ്ടത്, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ വിഷയം ഗൗരവമായി എടുക്കണ മെന്നാണ്. അത് ഗൗരവമായി എടുത്തിട്ടുണ്ട്. അതുകൊണ്ടാണല്ലോ ഞാൻ പറഞ്ഞത് ഈ ഗവൺമെന്റ് വന്നതിനുശേഷം ഈ മൂന്ന് വർഷത്തിനിടയ്ക്ക് 4 പ്രാവശ്യം ഔദ്യോഗികമായി മന്ത്രിതല ചർച്ചകൾ നടന്നു. കഴിഞ്ഞ ജൂൺ മാസത്തിൽ ഞാൻ തമിഴ്നാട്ടിൽ പോയി. തമിഴ്നാട് മന്ത്രിയുമായി വീണ്ടും ഒരു ഇൻഫോർമൽ ഡിസ്ക്കഷൻ നടത്തി. അവിടെയും ചർച്ച ഈ വിഷയം തന്നെയാ യിരുന്നു. അതും കൂടി കൂട്ടിയാൽ അഞ്ചായി. ഇനി ചെന്നൈയിൽ വച്ച് മന്ത്രിതല ചർച്ച നടത്താമെന്ന് അവർ സമ്മതിച്ചിട്ടുണ്ട്. ആ ചർച്ച കഴിഞ്ഞാലുടൻതന്നെ ആ ചർച്ചയിൽ തീരുമാനമെടുത്തുകൊണ്ട് മുഖ്യമന്ത്രി തലത്തിലുള്ള ചർച്ച അതിന്റെ അടുത്ത മാസം നടത്താൻ കഴിയുമെന്നാണ് കഴിഞ്ഞ ജൂൺ മാസത്തിൽ ശ്രീ. പനീർശെൽവവുമായിട്ട് ചെന്നൈയിൽ വച്ച് നടത്തിയ ചർച്ചയിൽ എനിക്കുണ്ടായ ബോദ്ധ്യം. ഗവൺമെന്റ് ഇത് വളരെ ഗൗരവമായി എടുത്തിട്ടുണ്ട്. ഓരോ സന്ദർഭ ത്തിലും ഈ ചർച്ചകൾ നടത്തുന്നതിന്റെ രീതിയും അത് എങ്ങനെയൊക്കെയാണ് പോകുന്നത് എന്നുള്ളതും മുഖ്യമന്ത്രിയുമായി ആലോചിച്ച് തന്നെയാണ് ചെയ്യുന്നത്. ഇക്കാര്യത്തിൽ വളരെ ഗൗരവമായി സ്റ്റേറ്റിന്റെ താൽപ്പര്യം സംരക്ഷിക്കുവാൻവേണ്ടി ഇഫക്ടീവായി സ്റ്റെപ്സ് എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സി. കബീർ: സർ, ചർച്ചകൾ ഫലപ്രാപ്തിയിൽ എത്തുന്നില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ സാഹചര്യത്തിൽ തമിഴ്നാട് ഗവൺമെന്റിനെ ഒരു പാഠം പഠിപ്പിക്കുന്നതിനുവേണ്ടി ഭവാനിപ്പുഴയിൽ ഒരു ചെക്ക് ഡാം പണിയാൻ എടുത്ത തീരുമാനത്തെ ഞങ്ങളെല്ലാവരും സ്വാഗതം ചെയ്യുന്നു. ആ ചെക്ക് ഡാമിന്റെ പണി പൂർത്തിയാക്കിയപ്പോൾ പ്രക്ഷോഭം വന്നു. ആ ചെക്ക് ഡാം പൂർത്തിയാക്കുന്നതിന് വേണ്ടി ഇനിയെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: കബീർ മാഷ് ചോദിച്ചതിൽ വളരെ സന്തോഷമുണ്ട്. കബീർ മാഷ് ഇതിനെ സപ്പോർട്ട് ചെയ്തിട്ടുണ്ട്. മുക്കാലിയിൽ ഒരു വിയർ കെട്ടണമെന്നുള്ള തീരുമാനമെടുത്ത് ഒരു വിയർ കെട്ടി. അത് കെട്ടി തീർന്നില്ല. കെട്ടാനുള്ള നടപടി സ്വീകരിച്ചു. അതിനെ ആരാണ് ആദ്യം എതിർത്തത്? .....(ബഹളം)..... ഭരണകക്ഷിയല്ല. ആദ്യം ഒരു എതിർപ്പുമായിട്ട് വന്നത് നമ്മുടെ നാട്ടിലെ രാഷ്ട്രീയക്കാർ തന്നെയാണ്. അതിൽ നിന്ന് നിങ്ങൾക്ക് മാറി നിൽക്കാൻ സാദ്ധ്യമല്ല. പാലക്കാട് പോയി ഇതിനെക്കുറിച്ച് എല്ലാ രാഷ്ട്രീയ പാർട്ടികളുമായും ചർച്ച നടത്തി. ഞാൻ അവരോട് പറഞ്ഞു, അന്ന് ആ വിയർ കെട്ടി പൂർത്തിയാക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ, എനിക്ക് ഉറച്ച വിശ്വാസമുണ്ട് പറമ്പിക്കുളം-ആളിയാർ കരാർ ഇതിനോടകം പൂർത്തിയാക്കാൻ കഴിയുമായിരുന്നു. അത് നടന്നില്ല. അതിന്റെ ഉത്തരവാദിത്വം ഞങ്ങളുടെ തലയിൽ കെട്ടിവയ്ക്കരുത്. വിയർ കെട്ടാൻ തീരുമാനമെടുത്തത് ഈ ഗവൺമെന്റാണ്. അതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചതിന് ശേഷമാണ് വിയർ കെട്ടാൻ പോയത്. അതിനിടയിൽ തമിഴ്നാട്ടിലെ അന്നത്തെ ഫോറസ്റ്റ് മന്ത്രിയായിരുന്ന ശ്രീ. ബാലു ഒരു സ്റ്റേ കൊടുത്തു. അദ്ദേഹത്തിന് അധികാരമില്ലാത്ത സ്റ്റേയാണ് കൊടുത്തത്. അതുകഴിഞ്ഞ് കേസ് കോടതിയിൽ വന്നു. ഇപ്പോൾ സുപ്രീംകോടതിയിൽ എത്തിയിരിക്കുകയാണ്. ഇത് പെട്ടെന്ന് തീർക്കാൻ കഴിയുന്ന ഒരു ചെറിയ കൺസ്ട്രക്ഷനായിരുന്നു. അത് നമുക്ക് മുടങ്ങിപ്പോയി. അതിന്റെ ഉത്തരവാദിത്വം ഞങ്ങളുടെ തലയിൽ കെട്ടിവയ്ക്കാൻ കബീർ മാഷ് ശ്രമിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. അച്ചുതൻ: പറമ്പിക്കുളം-ആളിയാറിലെ വെള്ളം ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് ചിറ്റൂരിലാണ്. കഴിഞ്ഞ വർഷം വെള്ളം ഇല്ലാത്തതുകൊണ്ട് ചിറ്റൂർ പ്രദേശം മുഴുവൻ ഉണങ്ങിപ്പോയി. മണക്കടവിൽനിന്നാണ് നമ്മൾ ഇപ്പോൾ വെള്ളം അളന്ന് എടുക്കുന്നത്. കഴിഞ്ഞ ദിവസം പാലക്കാട് ജില്ലാകളക്ടറും കോയമ്പത്തൂർ ജില്ലാകളക്ടറും കൂടി മന്ത്രിയുടെ നിർദ്ദേശമനുസരിച്ച് 33 മോട്ടോർ പരിശോധന നടത്തി. 33 മോട്ടോർ അവിടെ ഓടുന്നുണ്ടായിരുന്നു. അത് മുഴുവൻ എടുത്തു. എടുത്ത പിറ്റേ ദിവസം തന്നെ അത് അവിടെ കൊണ്ടുപോയി വച്ചു. ദിവസേന നമുക്ക് അവിടെ പരിശോധിച്ച് മാറ്റാൻ കഴിയില്ല. അതുകൊണ്ട് മണക്കടവിൽ നിന്ന് വെള്ളം അളന്ന് തന്നതിനുശേഷം അതിൽ നിന്ന് ചോർത്തിയെടുക്കുന്നത് തടയാൻ നമ്മുടെ ബൗണ്ടറിയിൽ വിയർ കെട്ടി അളക്കാനുള്ള സംവിധാനമുണ്ടാക്കാൻ കഴിയുമോ എന്നതാണ് എന്റെ ചോദ്യം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: പി. എ. പി. കരാറിൽ മണക്കടവിലാണ് ഇത് അളന്നു തരാൻ ഇപ്പോൾ നിലവിലുള്ള വ്യവസ്ഥ. ഇപ്പോൾ അദ്ദേഹം ചോദിച്ചത്, മണക്കടവിനും മൂലത്തറയ്ക്കും ഇടയിൽ നമ്മുടെ ബൗണ്ടറിയിൽ വീണ്ടും വിയർ കെട്ടാൻ കഴിയുമോ എന്നുള്ളതാണ്. കരാർ പുതുക്കുന്ന അവസരത്തിൽ നമുക്ക് ആലോചിക്കാവുന്ന വിഷയമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): പറമ്പിക്കുളം-ആളിയാർ കരാർ കേരളത്തിൽ നടപ്പിലാക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റും വകുപ്പുമന്ത്രിയും ഒട്ടേറെ ഉത്സാഹങ്ങൾ നടത്തിയെന്നാണ് അദ്ദേഹം അവകാശപ്പെടുന്നത്. മൂന്ന് കൊല്ലത്തിനിടയിൽ ചിറ്റൂരിൽ ഏഴര ടി. എം. സി. വെള്ളം തരുന്നതിന് അല്ലെങ്കിൽ വാങ്ങുന്നതിന് ഇതുവരെയെങ്കിലും ഒരു പ്രാവശ്യമെങ്കിലും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ? ആ സാഹചര്യത്തിൽ പ്രശ്നങ്ങളിൽ നിന്ന് ശ്രദ്ധ തിരിക്കുന്നതിനു വേണ്ടി മുക്കാലിയിലെ വിയറിനെപ്പറ്റിയെല്ലാം വല്ലാതെ പറയുകയാണ്. മുക്കാലിയിൽ വിയർ കെട്ടാൻ ഉദ്ദേശിച്ചത് വെള്ളം വിൽക്കാൻവേണ്ടി ഒരു കോൺട്രാക്ടറുമായി ഉണ്ടാക്കിയിട്ടുള്ള ഇടപാടിന്റെ അടിസ്ഥാനത്തിലായതുകൊണ്ട് ആ തട്ടിപ്പിനെ ഞങ്ങൾ എതിർത്തിട്ടുണ്ട്. അതേസമയം പാവപ്പെട്ട ആദിവാസികൾക്കുവേണ്ടി വെള്ളം കൊടുക്കുവാനുള്ള തടയണകൾ കെട്ടണം എന്നുള്ള അവിടുത്തെ ജനങ്ങളുടെ അഭിപ്രായം നിങ്ങൾ മാനിച്ചിട്ടുണ്ടോ? കാരണം ആദിവാസികളല്ലേ! പാവപ്പെട്ടവരല്ലേ? നിങ്ങളുടെ വിവേചനപരമായ സമീപനത്തിൽ നമുക്ക് വെള്ളം നിഷേധിച്ചുകൊണ്ടിരിക്കുന്ന അയൽ സംസ്ഥാനങ്ങൾ ഏറെയേറെ സന്തോഷിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങളുടെ നയം അവർ ഏറെ ഇഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. നിങ്ങൾ വകുപ്പു മന്ത്രിയായിരിക്കുന്നിടത്തോളംകാലം ചിറ്റൂരിലെ വെള്ളം ഒരു തുള്ളിപോലും കൂടുതൽ കിട്ടുമെന്നുള്ള പ്രതീക്ഷയില്ല. അതുകൊണ്ട് നിങ്ങൾ സാധാരണ പറഞ്ഞുകൊണ്ടിരിക്കുന്ന മറുപടിയിൽനിന്ന് വ്യത്യസ്തമായിട്ട്, സീരിയസ്സായി-നമുക്ക് വെള്ളം കിട്ടുന്നതിന് വേണ്ടി വിശേഷിച്ച്, കഴിഞ്ഞ രണ്ട് കൃഷി നശിച്ച കാര്യം അപ്പുറത്തിരിക്കുന്ന ഭരണകക്ഷിയിലുള്ള അംഗങ്ങൾക്ക് അറിയാവുന്ന സാഹചര്യത്തിൽ നടപടി സ്വീകരിക്കുമോ? ഇത് പറയുമ്പോൾ അതുസംബന്ധിച്ച് നടന്ന കൃഷിക്കാരുടെ നിരാഹാര സമരത്തെവരെ അവഹേളിക്കുകയാണ് ചെയ്തത്. അങ്ങനെയുള്ള അവഹേളനം നടത്തി ആരെയാണ് സഹായിക്കുന്നത്? കുടിവെള്ളത്തിന് സമരം ചെയ്യുന്നതിനെപ്പോലും മാനിക്കാതെ അവഹേളിക്കുന്ന ഒരു മന്ത്രി ഇപ്പോൾ വെള്ളം കിട്ടുന്നതിനെപ്പറ്റി ഗീർവാണം പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. അതുകൊണ്ട് ഇതുവരെ ഉപയോഗിച്ചതിൽ നിന്ന് വ്യത്യസ്തമായി; ഇതുവരെ കൈകാര്യം ചെയ്തതിൽ നിന്ന് വ്യത്യസ്തമായി ഒരു നയസമീപനം സ്വീകരിക്കാൻ തയ്യാറാകുന്നുണ്ടോ? അതാണ് ഈ സഭയിൽ അറിയേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് ഞാനൊരു ചോദ്യം അങ്ങോട്ട് ചോദിക്കുകയാണ്. 1996 മുതൽ 2001 വരെ മണക്കടവ് വിയറിൽ 7.25 ടി. എം. സി. ജലം നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് കിട്ടിയിട്ടുണ്ടോ? ഇല്ലെന്ന് ഞാൻ പറയുന്നു. വെറുതെ തർക്കിക്കണ്ട. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ഞാൻ തർക്കിക്കുന്നില്ല.. അങ്ങ് അങ്ങനെ പറയരുത്. ഇങ്ങനെ പറയുന്നത് ശരിയല്ല. മണക്കടവ് വിയറിലേക്ക് വെള്ളം കിട്ടുന്നത് എവിടെ നിന്നാണ്? ആളിയാർ ഡാമിൽ നിന്നാണ്. ആളിയാർ ഡാമിന്റെ കസ്റ്റോഡിയൻ ആരാണ്? തമിഴ്നാടാണ്. അവിടെ നിന്ന് വെള്ളം തുറന്നുവിട്ടാലേ മണക്കടവിൽ വെള്ളം കിട്ടൂ. ഇപ്രാവശ്യം അവിടുത്തെ സ്റ്റോറേജിനെ സംബന്ധിച്ച് അവർ തരുന്ന ഫിഗറാണ് നമ്മുടെ കയ്യിലുള്ളത്. നിങ്ങളുടെ ഭരണകാലത്ത് നിങ്ങളുടെ ഏതെങ്കിലും ഉദ്യോഗസ്ഥരെ ആളിയാറിന്റെ ഷട്ടർ പൊക്കാൻ വിട്ടിട്ടുണ്ടോ? വിട്ടിട്ടില്ലല്ലോ? ഞങ്ങളുടെ കാലത്ത് അങ്ങേയറ്റം ആത്മാർത്ഥമായി ശ്രമിച്ചു. കഴിഞ്ഞ പ്രാവശ്യം രണ്ടാമത്തെ വിളയ്ക്ക് പാലക്കാട് ചിറ്റൂർ താലൂക്കിലെ കർഷകർക്ക് വെള്ളം കൊടുക്ക ണമെന്നുള്ള ആത്മാർത്ഥമായ ആഗ്രഹത്തിന്റെ പേരിൽ തമിഴ്നാടുമായി സംസാരിച്ച് അത് എഗ്രീ ചെയ്തതാണ്. വെള്ളം കിട്ടുന്നില്ല. കഴിഞ്ഞ പ്രാവശ്യം നീരൊഴുക്ക് കുറവായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മുക്കാലിയിലെ കാര്യം പറഞ്ഞല്ലോ? മുക്കാലിയിൽ ഏത് കോൺട്രാക്ടറെ സഹായിക്കാനാണ്? അവിടെ 2 കോടി രൂപയുടെ ഒരു ചെറിയ വർക്കാണ്. ആർക്കും വേണ്ടി ചെയ്തതല്ല. ടെൻഡർ ചെയ്ത് നടപടിക്രമങ്ങൾ പൂർത്തിയാക്കി എല്ലാ ഫോർമാലിറ്റിയും കംപ്ലീറ്റാക്കി യിട്ടാണ് വർക്ക് തുടങ്ങിയത്. ആദിവാസികൾക്ക് ചെക്ക് ഡാം കെട്ടിക്കൊടുക്കുമെന്ന് ഞാൻ പറഞ്ഞു. കൊടുക്കാൻ ഞങ്ങൾ തയ്യാറായിരുന്നു. അതിനുമുമ്പ് ഇതിന് സ്റ്റേ വന്നില്ലേ? പ്രതിപക്ഷനേതാവിന്റെ പാർട്ടിയുടെ ജില്ലാ സെക്രട്ടറി ആ ചർച്ചയിൽ പങ്കെടുത്തു. ശ്രീ. ചന്ദ്രൻ പങ്കെടുത്തു. ശ്രീ. അച്ചുതൻ പങ്കെടുത്തു. നിങ്ങളുടെ എം. പി. പങ്കെടുത്തു. അവിടത്തെ ചർച്ചയുടെ മിനിറ്റ്സ് എന്റെ കൈയിലുണ്ട്. അതുകൊണ്ട് തർക്കിക്കാൻ നിൽക്കേണ്ട. എനിക്കറിയാം. ആ മിനിറ്റ്സ് എന്റെ കൈയിലുണ്ട്. പറഞ്ഞ വാക്കു പാലിക്കാൻ ഞങ്ങൾ തയ്യാറായിരുന്നു. അപ്പോഴേക്കും നിങ്ങളുടെ പാർട്ടിയടക്കം അത് തടസ്സമുണ്ടാക്കരുതായിരുന്നു. തമിഴ്നാട്ടിൽ ഈ വിഷയം ഉണ്ടായപ്പോൾ എ. ഐ. എ. ഡി. എം. കെ.-യും ഡി. എം. കെ.-യും അവിടുത്തെ രാഷ്ട്രീയ കക്ഷികളുമെല്ലാം ഒരേ സ്വരത്തിൽ മുക്കാലിയിൽ വീയർ കെട്ടുന്നത് എതിർത്തപ്പോൾ കേരളത്തിലെ രാഷ്ട്രീയക്കാർക്ക് ഒന്നിച്ച് നിന്ന് മുക്കാലിയിൽ വീയർ കെട്ടണമെന്നു പറയാൻ കഴിഞ്ഞോ? പറയാൻ കഴിഞ്ഞില്ലല്ലോ, അതു പറയാനുള്ള ധാർമ്മികമായ ഉത്തരവാദിത്വം നിങ്ങൾക്കുണ്ട്. കേരളത്തിലെ ഒരു പ്രധാന പാർട്ടി എന്നുള്ള നിലയിൽ മാർക്സിസ്റ്റ്-കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് അതിനകത്ത് ഉത്തരവാദിത്വമുണ്ട്. ഞങ്ങളുടെ തലയിലേക്ക് കൊണ്ടുവയ്ക്കണ്ട. അക്കാര്യത്തിൽ ഞാൻ ആത്മാർത്ഥമായി പരിശ്രമിച്ചതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോയി: സർ, പറമ്പിക്കുളം-ആളിയാർ നദീജല കരാറിന്റെ ഭാഗമായി കേരളത്തിലെ ഷോളയാറിലേക്ക് വിട്ടുകിട്ടേണ്ട ജലം കഴിഞ്ഞ വർഷങ്ങളിൽ ലഭിച്ചിട്ടില്ലാത്തതിനാൽ ആ കുടിശ്ശികയടക്കം ഈ വർഷം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി തയ്യാറാകുമോ?

ശ്രീ. ടി. എം. ജേക്കബ്: സർ, കഴിഞ്ഞ കാലങ്ങളിൽ നമുക്ക് കിട്ടാത്ത ജല ത്തിന്റെ ഭാഗംകൂടി അടുത്ത വർഷം, അതായത് ഒരു ജല വർഷം എന്നു പറയുന്നത് ജൂലൈ മാസം മുതൽ ആരംഭിച്ച് അടുത്ത ജൂണിൽ അവസാനിക്കുന്നതാണ്. ആ കാലയളവിനുള്ളിൽ ഈ പറയുന്ന കരാർ അനുസരിച്ചുള്ള വെള്ളമാണ് കിട്ടേണ്ടത്. ഒരു വർഷം ഷോർട്ടേജുണ്ടായാൽ അടുത്ത വർഷം കോമ്പൻസേറ്റ് ചെയ്ത് തരേണ്ടതാണ്. അതിനുള്ള നടപടികൾ എടുക്കുന്നുണ്ട്.

ശ്രീ. അടൂർ പ്രകാശ്: സർ, പറമ്പിക്കുളം ഡാമിൽ നിന്ന് വെള്ളം തിരിച്ചു വിടുന്നതുപോലെതന്നെ എന്റെ നിയോജകമണ്ഡലത്തിന്റെ കിഴക്കൻ മേഖലയായ അച്ചൻകോവിലാറിലേക്ക് വെള്ളം കടന്നുവരുന്നതിന്റെ ഉൽഭവസ്ഥാനം തൂവൽ മലയാണ്. അവിടെ കേന്ദ്രീകരിച്ചുകൊണ്ട് വെള്ളം തിരിച്ചുവിടുന്നതിനുള്ള നടപടികൾ തമിഴ്നാടിന്റെ ഭാഗത്തുനിന്നുമുണ്ടായി. അങ്ങ് തന്നെ മുൻകൈ എടുത്ത് ഒരു കമ്മിറ്റി രൂപീകരിച്ചു. സർവ്വശ്രീ. ഇ. എം. അഗസ്തി, കെ. സി. വേണുഗോപാൽ എന്നിവർ അടക്കമുള്ള ആളുകൾ അവിടെ പോയി പരിശോധനയൊക്കെ നടത്തുകയുണ്ടായി. അപ്പോൾ അവിടെ വെള്ളം തിരിച്ചുവിടുന്നില്ല എന്ന് മനസ്സിലാക്കി അവർ ഇവിടെ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. എന്റെ ഒരു ചോദ്യം കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അവിടെ മണ്ണണ എന്നു പറയുന്ന സ്ഥലത്ത് വെള്ളം തിരിച്ചുകൊണ്ടു പോകുന്നുണ്ടോ എന്ന് സഭയിൽ ചോദിക്കുകയും അതിന് മറുപടി തരികയും ചെയ്തിട്ടുണ്ട്. അത്.....(ബഹളം).....

മി. സ്പീക്കർ: പറമ്പിക്കുളം ഡാമിനെപ്പറ്റിയാണോ പറയുന്നത്. ....(ബഹളം).... പിന്നെ എങ്ങനെയാണ് ചോദ്യം അനുവദിക്കുന്നത്?

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, ഐ. പി. കരാർ തുടർച്ചയായി തമിഴ്നാട് ലംഘിച്ചുകൊണ്ടിരിക്കുകയാണ്. നമുക്കവകാശപ്പെട്ട ജലം തരുന്നതിന് തമിഴ്നാടിന് തീരെ താല്പര്യമില്ലായെന്ന് വ്യക്തമായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കേരള ത്തിലെ ജനങ്ങളുടേയും പാലക്കാട്ടെ കർഷകരുടേയും താൽപ്പര്യങ്ങൾ സംരക്ഷിക്കു ന്നതിന്റെ ഭാഗമായി ഈ കരാറിൽ നിന്ന് നമുക്ക് പിൻമാറുന്നതിനായി ഒരു ഏകകണ്ഠമായ പ്രമേയം കൊണ്ടുവരുന്നതിന് തയ്യാറാകുമോ?

ശ്രീ. ടി. എം. ജേക്കബ് സർ, അങ്ങനെ പ്രമേയം പാസാക്കിയാൽ എന്താണ് പ്രയോജനം? കരാറിൽ നിന്ന് നമ്മൾ പിൻമാറിയാൽ നമുക്കാണ് നഷ്ടം. കാരണം ഇപ്പോൾത്തന്നെ തമിഴ്നാടിന് ഗുണകരമായി നിൽക്കുന്നു. ഞാൻ പറഞ്ഞല്ലോ, ഇവിടെ എട്ട് ഡാമും രണ്ട് വീയറും ഉൾപ്പെടെ 10 കൺസ്ട്രക്ഷനുള്ളതിനകത്ത് ഇലക്ട്രിസിറ്റി ഉല്പാദിപ്പിക്കുന്ന കേരള ഷോളയാർ ഒഴികെ എല്ലാത്തിന്റെയും നിയന്ത്രണം അവർക്കുതന്നെയാണ്. പറമ്പിക്കുളം ഗ്രൂപ്പിൽ മുന്നെണ്ണമുണ്ട്. തൂണക്കടവ് അടക്കം മൂന്ന് ഡാമുകൾ അവിടെയുണ്ട്. നമ്മുടെ സ്റ്റേറ്റിലാണ് അത് നിൽക്കുന്നത്. പക്ഷേ കരാർ പ്രകാരം തമിഴ്നാടിനാണ് നമ്മൾ കൊടുത്തിരിക്കുന്നത്. ഈ ഒരു സാഹചര്യത്തിൽ നമ്മൾ അതിൽ നിന്ന് പിൻമാറിയാൽ നമുക്ക് എന്താണ് ഗുണം. നമുക്ക് പിൻമാറാൻ സാധ്യമല്ല. ഏകപക്ഷീയമായി അവർക്ക് ജയിക്കേണ്ട അവസരം ഉണ്ടാക്കി കൊടുക്കേണ്ട കാര്യമില്ല. ചർച്ച നടത്തിയാൽ നമുക്ക് ഗുണകരമായി പറമ്പിക്കുളം ഗ്രൂപ്പിൽനിന്ന് ഇവിടെ ശ്രീ. മുഹമ്മദ് ചോദിച്ചു 16.5 ടി. എം. സി. വെള്ളം കിട്ടും. അങ്ങനെ കിട്ടിക്കഴിഞ്ഞാൽ പിന്നെയുള്ള 2.5 ടി. എം. സി.-ക്കേ നമുക്ക് അർഹത ഉണ്ടായിരുന്നുള്ളു. കഴിഞ്ഞ 30 വർഷത്തെ നമ്മുടെ അനുഭവം എന്നു പറയുന്നത് പറമ്പിക്കുളം ഗ്രൂപ്പിൽ 10.65 ടി. എം. സി. വെള്ളമേ കിട്ടിയിട്ടുള്ളു. അതുകൊണ്ടു തന്നെയാണ് പഴയ രീതിയിൽ നിന്ന്, 16.5 എന്ന് പറഞ്ഞിരുന്ന സ്ഥാനത്ത് നിന്ന് മാറ്റം ഉണ്ടാകണമെന്ന് ഇന്നിപ്പോൾ ആവശ്യപ്പെട്ടിട്ടുള്ളത്. ഇതെല്ലാം നമ്മൾ പുതുതായി ആവശ്യപ്പെട്ടിരിക്കുന്ന കാര്യങ്ങളാണ്. സ്റ്റേറ്റിന് കൂടുതൽ ഗുണം കിട്ടത്തക്കനിലയിൽ ഈ കരാർ പുനരവലോകനം ചെയ്യണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

ദേശീയ ചേരി വികസന പരിപാടി

*2 [485] ശ്രീ. പിരപ്പൻകോട് മുരളി:

,, കെ. പി. സതീശ്ചന്ദ്രൻ:

,, എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേരി നിവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ദേശീയ ചേരി വികസന പരിപാടി എന്നാണ് ആരംഭിച്ചത്;

(സി) ഈ പരിപാടിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ഡി) ചേരി വികസനത്തിനായി കേന്ദ്ര സർക്കാരിൽ നിന്ന് എന്തു തുക ഇതിനകം ലഭിച്ചു; ഇതിൽ എന്തു തുക 2004 മാർച്ച് 31 വരെ ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly